# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATSR-P(15)-404/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 18/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATSR-P(15)-404/2023 തീയ്യതി: 18/04/2023

## തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 01-03-2023 | 09-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-03-2023 | 09-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന കെ. ടി, ഓഡിറ്റ് ഓഫീസർ
ശ്രീമതി വിദ്യ വിക്രമൻ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. സുനിൽ കുമാർ കെ. സി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി രേഖ ഇ. സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിത സുധാകരൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| പി ഉമ ഉണ്ണികൃഷ്ണൻ | സെക്രട്ടറി | 01-04-2021 | 27-06-2021 |
| പി രാജു | സെക്രട്ടറി | 28-06-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അരുൺ സുഗതൻ | കൃഷി ഓഫീസർ | 01-04-2021 | 05-10-2021 |
| ഒഴിവ് | കൃഷി ഓഫീസർ | 06-10-2021 | 07-10-2021 |
| നീതു ചന്ദ്രൻ | കൃഷി ഓഫീസർ | 08-10-2021 | 31-03-2022 |
| ജനോവ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.സുനിത വി.എം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.രംഗീല രംഗനാഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.ആശ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.രേഷ്മ ടി.ജെ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീജയ വി.എ | പ്രധാന അദ്ധ്യാപിക | 01-04-2021 | 31-03-2022 |
| ബിന്ദു കെ.ബി | വി ഇ ഒ (വരന്തരപ്പിള്ളി സർക്കിൾ) | 01-04-2021 | 31-03-2022 |
| മനേഷ് സി.കെ | വി ഇ ഒ (വേലൂപ്പാടം സർക്കിൾ) | 01-04-2021 | 31-03-2022 |
| സുരേഷ്കുമാർ ടി.ഡി | വി ഇ ഒ (നന്തിപുലം സർക്കിൾ) | 01-04-2021 | 12-05-2021 |
| മനേഷ് സി.കെ | വി ഇ ഒ (നന്തിപുലം സർക്കിൾ) | 13-05-2021 | 21-06-2021 |
| ശ്രീലക്ഷ്മി എസ് | വി ഇ ഒ (നന്തിപുലം സർക്കിൾ) | 22-06-2021 | 19-02-2022 |
| മനേഷ് സി.കെ | വി ഇ ഒ (നന്തിപുലം സർക്കിൾ) | 20-02-2022 | 14-03-2022 |
| ശ്രീലക്ഷ്മി എസ് | വി ഇ ഒ (നന്തിപുലം സർക്കിൾ) | 14-03-2022 | 31-03-2022 |
| ഷെജി തോമസ് പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| വിനോദിനി പി.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| സിജോൺ ജോൺസൺ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2021 | 18-04-2021 |
| അനൂപ് സോമൻ | ഡയറിഫാം ഇൻസ്ട്രക്ടർ | 19-04-2021 | 21-09-2021 |

| | | | |
|---|---|---|---|
| ശ്രീലേഖ എൻ.എസ് | ഡയറിഫാം ഇൻസ്ട്രക്ടർ | 22-09-2021 | 03-01-2022 |
| അനൂപ് സോമൻ | ഡയറിഫാം ഇൻസ്ട്രക്ടർ | 04-01-2022 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷനുകൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്ക് പരിശോധന | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 12 | ലൈബ്രറിസെസ്സ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 13 | കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ | 1-10-3 |
| 14 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-4 |
| 15 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് | 1-10-5 |
| 16 | സ്റ്റോക്കിന്റെ ഭൌതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. | 1-10-6 |
| 17 | അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 1-10-7 |
| 18 | വായ്പ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 1-10-8 |
| 19 | രസീത് പരിശോധനയിൽ കണ്ട അപാകതകൾ | 1-11 |
| 20 | ഫ്രണ്ട് ഓഫീസിൽ റദ്ദ് ചെയ്ത രസീതിതുക സഞ്ചയയിൽ കളക്ഷൻ തുകയായി പോസ്റ്റ് ചെയ്തതിരിക്കുന്നു | 1-12 |
| 21 | ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-13 |
| 22 | ജീവനക്കാരുടെ തൊഴിൽ നികുതി-തെറ്റായ സ്ലാബിൽ ഉൾപ്പെടുത്തി ഈടാക്കി | 1-14 |
| 23 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15 |
| 24 | അനധികൃത കെട്ടിടത്തിന് വസ്തുനികുതി ഈടാക്കിയിട്ടില്ല | 1-16 |
| 25 | പ്രത്യേക കന്നുകുട്ടി പരിപാലനം | 1-17 |

| | | |
|---|---|---|
| 26 | പാടശേഖര സമിതിയ്ക്ക് റിവോൾവിംഗ് ഫണ്ട് നല്കൽ | 1-18 |
| 27 | അസി. സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-19 |
| 28 | സൂപ്പർവിഷൻ ചാർജ്ജ് അധികം നൽകി | 1-20 |
| 29 | സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-21 |
| 30 | കട്ടിൽ വിതരണം - ഇ-ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-22 |
| 31 | ലൈഫ് മിഷൻ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിൽ കാലതാമസം | 1-23 |
| 32 | സാമൂഹ്യ സുരക്ഷാ പെൻഷൻ-മരണപ്പെട്ടവരുടെ വിവരങ്ങൾ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യുന്നതിൽ കാലതാമസം | 1-24 |
| 33 | കമ്മിറ്റി തീരുമാനങ്ങൾ-തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| ബഡ്ജറ്റ് | 17-2-2021 | 1/1 | 375124529 | 372659800 |
| റിവൈസ്ഡ് ബഡ്ജറ്റ് | 21-3-2022 | 2 | 405844152 | 400973069 |

### 1-2 വാർഷിക ധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം

| വാർഷികധനകാര്യ പത്രിക ലഭിക്കേണ്ട തിയതി | വാർഷികധനകാര്യ പത്രിക ലഭിച്ച തിയതി |
|---|---|
| 31-7-2022 | 2-8-2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27260782 |
| വരവ് | 153890393 |
| ആകെ | 181151175 |
| ചെലവ് | 158528691 |
| നീക്കിരിപ്പ് | 22622484 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 34918511 | 34918511 | 34918511 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8236748 | 8236748 | 7547348 | 689400 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 1800741 | 1800741 | 1694341 | 106400 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 47547162 | 47547162 | 25035324 | 22511838 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 10394157 | 10394157 | 5694405 | 4699752 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് ഗ്രാന്റ് | 0 | 7591277 | 7591277 | 7150798 | 440479 |
| ടൈഡ് ഗ്രാന്റ് | 0 | 20252000 | 20252000 | 8709670 | 11542330 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതിത്തുകയുടെ | നടപ്പാക്കിയ പ്രോജക്റ്റുകളുടെ |
|---|---|---|---|---|---|

| (എണ്ണം) | | | | ശതമാനം | എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 243 | 175492416 | 210 | 129282764 | 73.67 | 86.42 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 783424 | 783424 | 783424 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 33021426 | 33021426 | 33021426 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 5875731 | 5875731 | 5875731 | 0 |
| ആകെ | 0 | 39680581 | 39680581 | 39680581 | 0 |

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8841900 | 547 |
| വിധവാ പെൻഷൻ | 27286200 | 1708 |
| വാർദ്ധക്യകാല പെൻഷൻ | 63654700 | 3990 |
| വികലാംഗ പെൻഷൻ | 7567200 | 473 |
| 50വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2772000 | 173 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.03.2023 തീയതിയിൽ 3.00 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 71400/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ ഒന്നാം ഭാഗത്തിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-10 വാർഷിക കണക്ക് പരിശോധന

2021-22 വർഷത്തെ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 8/08.03.2023)

### 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

### 1-10-2 ലൈബ്രറിസെസ്സ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

3.1 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 3,16,907 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 3,14,114 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt. Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 354070 രൂപയാണ്. (വൗച്ചർ. V.No: 42100282, V.No: 42100282, V.No: 42100284 തീ. 31.3.2022. (180,944.00 + 143,537.00 + 29,589 = 354070)) (പട്ടിക 2.3 കാണുക)

3.2. 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2021-22 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/21 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | സഞ്ചയ സോഫ്റ്റ് വെയർ 2021-22-ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 9,44,554 | 10,61,697 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 41,541 | 2,13,227 |

3.3 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 103345 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 4921 (103345/105X5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 5211 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-10-3 കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി

സൂക്ഷിക്കേണ്ടതാണ്.

### 1-10-4 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-10-5 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4638298 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 10953212 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-10-6 സ്റ്റോക്കിന്റെ ഭൌതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))

### 1-10-7 അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

### 1-10-8 വായ്പ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

വാർഷിക കണക്ക് ഷെഡ്യൂൾ B 5 Secured Loans പ്രകാരം ലോൺ തിരിച്ചടവാക്കാൻ ശേഷിക്കുന്നത് 6,019,237 രൂപയാണ്. ഹഡ്കോ ലോൺ വായ്പ ഇനത്തിൽ തൻവർഷം 1627000 രൂപ തിരിച്ചടവുണ്ട്. ലോൺ വരവ്, തിരിച്ചടവ്, നീക്കിയിരിപ്പ് എന്നിവ രേഖപ്പെടുത്തി ലോൺ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ലോൺ നീക്കിയിരിപ്പ് തുകയുടെ കൃത്യത വിലയിരുത്തുവാൻ ഓഡിറ്റിൽ കഴിഞ്ഞിട്ടില്ല.

### 1-11 രസീത് പരിശോധനയിൽ കണ്ട അപാകതകൾ

മാനുവൽ രസീത് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കൃഷി ഓഫീസർക്ക് കൈമാറിയ 6549 എന്ന രസീത് പുസ്തകത്തിൽ ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കുമ്പോൾ തീയതി രേഖപ്പെടുത്താത്ത രസീതികളാണ് നൽകിയിരിക്കുന്നത്. ആയതു മൂലം ഈടാക്കിയ മുഴുവൻ തുകയും അതാത് ദിവസങ്ങളിൽ അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | രസീതി നമ്പർ |
|---|---|
| 1. | 1 മുതൽ 27 വരെ |
| 2. | 34 മുതൽ 49 വരെ |

തീയതി രേഖപ്പെടുത്താതെ രസീതി കൈകാര്യം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. അസ്സിസ്റ്റന്റ് എൻജിനീയർക്ക് കൈമാറിയ രസീത് ബുക്ക് നമ്പർ 13297 പരിശോധിച്ചപ്പോൾ ടെണ്ടർ ഫോമിനോടൊപ്പം ഈടാക്കേണ്ട GST ഈടാക്കാത്തതായി കാണുന്നു. ആയതിനു കാരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 16/ 10.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | രശീത് | ടെണ്ടർ ഫോമിന് ഈടാക്കിയ തുക | ഈടാക്കേണ്ട 5 % GST |
|---|---|---|---|
| 1. | 15 | 1110 | 56 |
| 2. | 16 | 1110 | 56 |
| 3. | 17 | 1110 | 56 |
| 4. | 18 | 2415 | 121 |
| 5. | 19 | 2415 | 121 |
| 6. | 20 | 555 | 28 |
| 7. | 22 | 555 | 28 |
| 8. | 23 | 1675 | 84 |
| 9. | 24 | 1675 | 84 |
| 10. | 25 | 555 | 28 |
| 11. | 26 | 1665 | 83 |
| 12. | 27 | 1335 | 67 |
| 13. | 28 | 2445 | 122 |
| 14. | 29 | 3150 | 158 |
| 15. | 30 | 2040 | 102 |
| പ്രസ്തുത രസീതികളിൽ നിന്നും ഈടാക്കേണ്ട ആകെ തുക | | | 1194 |

ടെണ്ടർ ഫോമിന് ഈടാക്കേണ്ട 5 % GST ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-12 ഫ്രന്റ് ഓഫീസിൽ റദ്ദ് ചെയ്ത രസീതിതുക സഞ്ചയയിൽ കളക്ഷൻ തുകയായി പോസ്റ്റ് ചെയ്തതിരിക്കുന്നു

ക്യാൻസൽഡ് രസീത് റിപ്പോർട്ടും സഞ്ചയസോഫ്റ്റ് വെയറും ഒത്തുപരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.
ഫ്രന്റ്ഓഫീസിൽ റദ്ദ് ചെയ്ത രസീതിതുക സഞ്ചയയിൽ കളക്ഷൻ തുകയായി പോസ്റ്റ് ചെയ്തതിരിക്കുന്നു. അതായത് ക്യാൻസെൽ ചെയ്ത രസീതികളും സഞ്ചയ പ്രകാരം വരവായാണ് കാണിച്ചിരിക്കുന്നത്. എന്നാൽ പട്ടിക പ്രകാരമുള്ള തുക യഥാർത്ഥത്തിൽ ഗ്രാമപഞ്ചായത്തിൽ വരവ് വന്നിട്ടില്ല. തുക വരവ് വരാതെ സഞ്ചയയിൽ പോസ്റ്റിങ്ങ് നടത്തിയിരിക്കുന്നത്.

| ക്രമ നമ്പർ | തീയതി | രസീത് നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | തുക | വസ്തു നികുതി അടവാക്കിയതായി പോസ്റ്റ് ചെയ്ത അർദ്ധവർഷങ്ങൾ |
|---|---|---|---|---|---|---|
| 1 | 24.8.21 | 121010101187 | 6/577 | റാല, അരീപ്പുറം, പാലപ്പിള്ളി. | 170/- | 2021-22 |
| 2 | 14.09.21 | 121010101696 | 20/369 A | സുന്ദരരാജൻ, രാമൻമഠത്തിൽ, കരയാംപാടം,വരന്തരപ്പിള്ളി. | 220/- | 2021-22 |
| 3 | 12.10.21 | 121010102534 | 21/447 | വി. എം ഷംസുദ്ദീൻ, നാലകത്ത്, വരന്തരപ്പിള്ളി | 258/- | 2021 -22 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 17.12.21 | 121010105815 | 5/61 | അന്നം, അറയ്ക്കൽ, പുലിക്കണ്ണി, വേലുപാടം. | 412/- | 2021-22 |
| 5 | 08.03.22 | 121010108967 | 22/30 | ജോസ്, മഞ്ഞളി, മാട്ടിൽദേശം, വരന്തരപ്പിള്ളി. | 1315/- | 2020-21 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 4/6.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച തുകകൾ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ താഴെ പറയുന്ന കെട്ടിടങ്ങൾ 2021-22 വർഷത്തിൽ വ്യാപാര സംരംഭക ലൈസൻസ് എടുക്കാതെ പ്രവൃത്തിച്ചു വരുന്നു.

വരന്തരപ്പിള്ളി ഷോപ്പിങ്ങ് കോംപ്ലക്സ്

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്/ വാടകക്കാരന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1. | ശോഭ സോമൻ ചുള്ളിപ്പറമ്പിൽ ചായക്കട | 21/817 |
| 2. | സുവർണ്ണ ട്രേഡിങ്ങ് ഫിനാൻസ് പി. കുമാരൻ പുളിയിലപ്പറമ്പിൽ | 21/818 |
| 3. | കർട്ടൻ വർക്സ് ദാസൻ പെരുമ്പിള്ളി വീട് | 21/819 |
| 4. | മോട്ടോർ വൈൻഡിങ് ടി.കെ. മോഹനൻ താണ്ടിയെക്കൽ | 21/820 |
| 5. | അഭയ കൃഷ്ണ അമ്പലത്തറ | 21/821 |
| 6. | ഫർണീച്ചർ സ്റ്റോർ റൂം എൻ.ഇ.പോൾ നങ്ങിണി | 21/826 |
| 7. | സെന്റ് ജോൺസ് മെഡിക്കൽസ് ബാബു ജോൺ മാതേക്കൽ | 21/827 |
| 8. | ഫിനാൻസ്, ടി. കെ മോഹനൻ തണ്ടിയേക്കൽ | 21/828 |
| 9. | കർട്ടൻ വർക്ക് ജോയ് വി അക്കരെ | 21/833 |
| 10. | സൗണ്ട് വർക്ക് ഷൈജൻ പി.ഒ. പിണ്ടിയാൻ | 21/835 |
| 11. | മെഡിക്കൽ സ്റ്റോർ ബാബു പി.എസ്. | 21/834 |
| 12. | മെഡിക്കൽ സ്റ്റോർ ബാബു പി.എസ്. | 21/836 |
| 13. | വർക്ക് ഷോപ്പ് ഗിരിജ ചന്ദ്രശേഖരൻ മേലേത്തുപറമ്പിൽ | 21/837 |

| | | |
|---|---|---|
| 14. | വർക്ക് ഷോപ്പ്<br>പി. ആർ. ബിന പടയാട്ടി | 21/838 |

നന്ദിപുലം ഷോപ്പിങ് കോംപ്ലക്സ്

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്/<br>വാടകക്കാരന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1. | ചായക്കട<br>ഷാജി സി.കെ.<br>ചെമ്മണ്ടപ്പറമ്പിൽ | 20/258 |
| 2. | സുരേഷ് സി.ബി.<br>ചിറ്റേടത്ത് | 20/259 |
| 3. | രഞ്ജിത്ത് പി. എസ്.<br>പെരുമ്പിള്ളി | 20/260 |
| 4. | സോഷ്യൽ കോ ഓപ്പറേറ്റീവ് | 20/261 |
| 5. | ശശികുമാർ കെ.ജെ. കുറുവത്ത് | 20/263 |
| 6. | ജെ.പി. ഓട്ടോസ്<br>ലോന കിഴക്കേക്കര | 20/265 |
| 7. | ഇ. സേവനകേന്ദ്രം<br>കെ. ജി.പത്മനാഭൻ | 20/269 |

വരന്തരപ്പിള്ളി പുതിയ ഷോപ്പിങ്ങ് കോംപ്ലക്സ്

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്/<br>വാടകക്കാരന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1. | ജിജോ ആറ്റുപുറം | 21/842 |
| 2. | ഫ്രാൻസിസ് ആലപ്പാട്ട് | 21/842 |
| 3. | സതീഷ് ഉറുവേലി<br>കോഴിക്കട | 21/ 844 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ, സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം : 5/7.3.23 മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-14 ജീവനക്കാരുടെ തൊഴിൽ നികുതി-തെറ്റായ സ്ലാബിൽ ഉൾപ്പെടുത്തി ഈടാക്കി

2021-22-ലെ രണ്ടാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ട സ്ലാബിൽ നിന്നും കുറവ് ഈടാക്കിയതായി കാണുന്നു. മറുപടി ലഭ്യമാക്കേണ്ടതാണ്.

ആദ്യ അർദ്ധ വർഷത്തെ തൊഴിൽ നികുതി

| ജീവനക്കാരന്റെ വിവരം | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|
| ജിബിൻ കെ.ബി.<br>ഹാരിസൺ മലയാളം ലിമിറ്റഡ് | 1,31,675 | 1000/- | 1250/- |

| | | | |
|---|---|---|---|
| മൂപ്ലി എസ്റ്റേറ്റ് | | | |
| അനന്തരാമൻ എം.എ. ഹാരിസൺ മലയാളം ലിമിറ്റഡ് മൂപ്ലി എസ്റ്റേറ്റ് | 1,02,935 | 750/- | 1000/- |
| ശരത് കെ.എസ്. ഹാരിസൺ മലയാളം ലിമിറ്റഡ് മൂപ്ലി എസ്റ്റേറ്റ് | 1,01,975 | 750/- | 1000/- |
| സിന്ധു ഗിരീഷ് ഹാരിസൺ മലയാളം ലിമിറ്റഡ് കുണ്ടായി എസ്റ്റേറ്റ് | 1,67,254 | 1000/- | 1250/- |
| മുരളീധരൻ പിള്ള ഹാരിസൺ മലയാളം ലിമിറ്റഡ് കുണ്ടായി എസ്റ്റേറ്റ് | 1,43,654 | 750/- | 1250/- |
| അനന്ദു ബി നായർ ഹാരിസൺ മലയാളം ലിമിറ്റഡ് കുണ്ടായി എസ്റ്റേറ്റ് | 1,19,386 | 750/- | 1000/- |

രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി

| ജീവനക്കാരന്റെ വിവരം | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|
| സിന്ധു ഗിരീഷ് ഹാരിസൺ മലയാളം ലിമിറ്റഡ് കുണ്ടായി എസ്റ്റേറ്റ് | 1,49,135 | 1000/- | 1250/- |
| മുരളീധരൻ പിള്ള ഹാരിസൺ മലയാളം ലിമിറ്റഡ് കുണ്ടായി എസ്റ്റേറ്റ് | 1,28,190 | 750/- | 1250/- |
| അനന്ദു ബി നായർ ഹാരിസൺ മലയാളം ലിമിറ്റഡ് കുണ്ടായി എസ്റ്റേറ്റ് | 1,12,549 | 750/- | 1000/- |

മേൽ സൂചിപ്പിച്ചത് പ്രകാരം ഈടാക്കേണ്ട തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം : 3/ 6.3.23)

## 1-15 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ അഗ്രിമെന്റ് രജിസ്റ്ററിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 2021 -22 ൽ വിവിധ പ്രവൃത്തികളിൽ ഏർപ്പെട്ട കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. അപാകതക്ക് കാരണം ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം : 7 / 8.3.23 മറുപടി ലഭ്യമാക്കിയിട്ടില്ല).

| ക്രമ നം. | കരാറുകാരന്റെ പേര് | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1. | സിജു കെ.ജെ. | 2021-22 ഒന്നും രണ്ടും |
| 2. | രാജൻ വി. പി. | 2021-22 ഒന്നും രണ്ടും |
| 3. | സെൽവിൻ രാജ് | 2021-22 ഒന്നും രണ്ടും |
| 4. | ഹംസ എം. വി. | 2021-22 ഒന്നും രണ്ടും |
| 5. | ഷെജി കെ.ടി. | 2021-22 ഒന്നും രണ്ടും |
| 6. | ശശിധരൻ വി. | 2021-22 ഒന്നും രണ്ടും |
| 7. | തോമസ് കെ.എ. | 2021-22 ഒന്നും രണ്ടും |
| 8. | ബൈജു വി.ഒ | 2021-22 ഒന്നും രണ്ടും |
| 9. | ജോസഫ് കെ.എ. | 2021-22 ഒന്നും രണ്ടും |
| 10. | യദു കൃഷ്ണൻ | 2021-22 ഒന്നും രണ്ടും |
| 11. | ജോയൽ ജോയ് | 2021-22 ഒന്നും രണ്ടും |
| 12. | ഷാജി സി. കെ. | 2021-22 ഒന്നും രണ്ടും |
| 13. | കുഞ്ഞുമൊയിദീൻ പി.എം. | 2021-22 ഒന്നും രണ്ടും |
| 14. | അനന്തരാമൻ കെ.ആർ. | 2021-22 ഒന്നും രണ്ടും |
| 15. | ശിവൻ എ.വി. | 2021-22 ഒന്നും രണ്ടും |
| 16. | ജോഫി പി.പി. | 2021-22 ഒന്നും രണ്ടും |
| 17. | പ്രവീൺ കെ.ബി. | 2021-22 ഒന്നും രണ്ടും |
| 18. | സുജിത് സുരേന്ദ്രൻ | 2021-22 ഒന്നും രണ്ടും |
| 19. | ജോൺ വി.എം. | 2021-22 ഒന്നും രണ്ടും |
| 20. | കൃഷ്ണൻകുട്ടി | 2021-22 ഒന്നും രണ്ടും |
| 21. | ഹരികൃഷ്ണൻ സി. | 2021-22 ഒന്നും രണ്ടും |
| 22. | അഷ്റഫ് സി.എ. | 2021-22 ഒന്നും രണ്ടും |
| 23. | ഷെജി കെ.ടി. | 2021-22 ഒന്നും രണ്ടും |
| 24. | രാമചന്ദ്രൻ എം.ആർ. | 2021-22 ഒന്നും രണ്ടും |
| 25. | ബൈജു വി.ഒ. | 2021-22 ഒന്നും രണ്ടും |
| 26. | ഷംസുദീൻ കെ. കെ. | 2021-22 ഒന്നും രണ്ടും |
| 27. | റിഡ്സൺ | 2021-22 ഒന്നും രണ്ടും |

മേൽ സൂചിപ്പിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-16 അനധികൃത കെട്ടിടത്തിന് വസ്തുനികുതി ഈടാക്കിയിട്ടില്ല

നെൽവയൽ നികത്തിയും ബഹു. ജില്ലാ കളക്ടർ പഞ്ചായത്ത് ഉൾപ്പെടെയുള്ളവരുടെ അനുമതിയില്ലാതെയും നിർമ്മിച്ച് വാടകക്ക് കൊടുത്തുകൊണ്ടിരിക്കുന്ന കെട്ടിടം സംബന്ധിച്ച് ശ്രീ. വി.എം. ഹസ്സൻ വളക്കുണ്ടിൽ എന്നവർ 7.10.21 ന് പരാതി നൽകിട്ടുണ്ട്. വിവരങ്ങൾ വിശദമാക്കുന്നു.

പഞ്ചായത്തിന്റെ 5 ആം വാർഡിൽ പുലിക്കണ്ണി എന്ന ദേശത്ത് മസ്ജിദ് അലിയ്യുബ്നു മുസ്‌ലിം ജമാ അത്ത്

കമ്മിറ്റി പുലിക്കണ്ണി ഹയാത്ത് ഇസ്ലാം മദ്രാസ് എന്ന ബോർഡ് സ്ഥാപിച്ച് വിവാഹ-വിവാഹേതര ആവശ്യങ്ങൾക്കായി വാടകക്ക് കൊടുത്തുകൊണ്ടിരിക്കുന്നു എന്നത് സംബന്ധിച്ചാണ് പരാതി നൽകിയിരിക്കുന്നത്. ഇതിനെ തുടർന്ന് എൽ.എസ്.ജി.ഡി. സെക്ഷൻ അസിസ്റ്റന്റ് എൻജിനീയർ സ്ഥലപരിശോധനയിൽ കെട്ടിടം ഭാഗികമായി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് എന്നും കൂടാതെ കെട്ടിട നിർമ്മാണ പെർമിറ്റിനായി യാതൊരു അപേക്ഷയും പഞ്ചായത്തിൽ നൽകിയിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി കെട്ടിടത്തിൽ 28 ഓളം വിവാഹങ്ങൾ 20,000 രൂപയോളം ദിവസവാടകക്ക് നടത്തിയിട്ടുള്ളതും പരാതിയിൽ പറയുന്നുണ്ട്. ആയതിനാൽ ടി കെട്ടിടത്തിന് കെട്ടിടനമ്പർ ലഭിക്കുന്നതിനായി നിയമാനുസൃതം പഞ്ചായത്തിൽ അപേക്ഷ നൽകേണ്ടതാണെന്നും കെട്ടിട നമ്പർ ലഭിക്കുന്നത് വരെ യാതൊരു ആവശ്യത്തിനും ഉപയോഗിക്കരുതെന്നും കെട്ടിട ഉടമക്ക് 14 ദിവസം നൽകി നോടീസ് നൽകി.

തുടർന്ന് 3 നിലകളിലുള്ള ഈ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 933.66 ച. മീ. ക്രമവൽക്കരിക്കുന്നതിനായി മസ്ജിദ് അലിയ്യുബ്നു അഭീത്വലിബ് പ്രസിഡന്റ് 23.2.22 ൽ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എൽ.എസ്.ജി.ഡി. സെക്ഷൻ അസിസ്റ്റന്റ് എൻജിനീയർ സ്ഥലപരിശോധനയിൽ താഴെ ചേർക്കുന്ന നിരവധി അപാകതകൾ ചൂണ്ടിക്കാണിക്കുന്നുണ്ട്.

1. കെട്ടിടത്തിന്റെ ഉപയോഗ ക്രമം അപേക്ഷയിൽ 'വിദ്യാഭ്യാസാവശ്യം' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്ലാനിൽ താഴത്തെ നില 'അസംബ്ലി ഹാൾ' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.
2. കെട്ടിടം നിർമ്മിച്ചിരിക്കുന്നത് ബി.ടി.ആർ പ്രകാരം " നിലം" എന്ന സ്ഥലത്തിലാണ്.
3. അപേക്ഷയിൽ സൂചിപ്പിച്ചതിൽ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 933.66 ച. മീ. ആണ്. എന്നാൽ സ്ഥലപരിശോധനയിൽ ഗ്രൗണ്ട് ഫ്ലോറിനോട് ചേർന്ന് 40.10ച.മീ. ഷീറ്റ് റൂഫിൽ നിർമ്മിച്ച് കൂട്ടിച്ചേർത്ത അനുബന്ധ കെട്ടിടം ഉൾപ്പെടുന്നുണ്ട്. ആയത് ഉൾപ്പെടുത്താതെയാണ് FSI, കവറേജ് എന്നിവ കണക്കാക്കിയിരിക്കുന്നത്.
4. കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 റൂൾ 5 (4) 12 ii പ്രകാരം ഗ്രൂപ് ഡി അസംബ്ലി കെട്ടിടത്തിന് ഫയർ NOC ഹാജരാക്കിയിട്ടില്ല.
5. പാസ്സേജ് വിഡ്ത്ത് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടില്ല.
6. കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 റൂൾ 29 പ്രകാരം ആവശ്യമായ പാർക്കിങ് പ്ലാൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടില്ല.
7. ടേബിൾ 44 (എ) പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ സെറ്റ് ബാക്ക് സ്ഥലപരിശോധനയിൽ കണ്ടെത്താൻ സാധിച്ചില്ല.

മേൽ സൂചിപ്പിച്ച മുഴുവൻ അപാകതകളും പരിഹരിച്ച് വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 13.4.22-ന് പഞ്ചായത്തിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ ഫയലിൽ നിന്നും ലഭ്യമല്ല. നിലവിൽ സ്ഥാപനം പ്രവൃത്തിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.
പ്രസ്തുത കെട്ടിടം 15.1.22-ൽ പണി പൂർത്തീകരിച്ചതായുള്ള ഉടമയുടെയും ലൈസെൻസീയുടെയും സർട്ടിഫിക്കേറ്റ് ഹാജരാക്കിയിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ച് മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്. എന്നാൽ ഈ കെട്ടിടത്തിന് നാളിതുവരെയായും വസ്തുനികുതി ഈടാക്കിയിട്ടില്ലാത്തതിന് വിശദീകരണം നൽകേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ: 15/9.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. നാളിതുവരെയുള്ള വസ്തു നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 പ്രത്യേക കന്നുകുട്ടി പരിപാലനം

പ്രൊജക്റ്റ് നം., പേര്-32/22

പ്രത്യേക കന്നുകുട്ടി പരിപാലനം
നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്റിനറി സർജൻ
ചെലവ് -1500000/- (വികസനഫണ്ട് ജനറൽ)
(ബിൽ നം. 2/6.10.2021 - 1500000/-)

മേല്പറഞ്ഞ പ്രൊജക്ടിൽ വേലൂപ്പാടം, നന്തിപുലം ക്ഷീരസംഘങ്ങളുടെ കീഴിലുള്ള ഗുണഭോക്താക്കളുടെ വിഹിതമായി 1500000/-രൂപ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ക്ഷീരസംഘങ്ങളുടെ കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ മുഴുവൻ വിഹിതവും കൈപ്പറ്റിയതായി കാണുന്നില്ല.
വേലൂപ്പാടം സൊസൈറ്റി

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കാലിത്തീറ്റ വാങ്ങിയതിന്റെ വിവരം |
|---|---|---|
| 1 | ഹുസൈൻ ആറാ ട്ടുതൊടി | 20.11.2021 ന ശേഷം കാലിത്തീറ്റ വാങ്ങിയിട്ടില്ല. |
| 2 | ജോൺസൺ.എൻ.എ നെല്ലിശ്ശേരി | 20.04.2022 ന ശേഷം കാലിത്തീറ്റ വാങ്ങിയിട്ടില്ല. |
| 3 | ലോനപ്പൻ പഞ്ഞിക്കാരൻ | 14.08.2022 ന ശേഷം കാലിത്തീറ്റ വാങ്ങിയിട്ടില്ല. |
| | വാസുദേവൻ.പി.വി. പാറക്ക വീട് | 14.09.2022 ന ശേഷം കാലിത്തീറ്റ വാങ്ങിയിട്ടില്ല. |

നന്തിപുലം സൊസൈറ്റി

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കാലിത്തീറ്റ വാങ്ങിയതിന്റെ വിവരം |
|---|---|---|
| 1 | അഖിൽഎ. കെ., അവണപ്പറമ്പിൽ | 20.1.2022 ന ശേഷം കാലിത്തീറ്റ വാങ്ങിയിട്ടില്ല. |
| 2 | അമ്മിണി, നടപ്പറമ്പിൽ | 16.9.2022 ന ശേഷം കാലിത്തീറ്റ വാങ്ങിയിട്ടില്ല. |
| 3 | ഷീജ, തണ്ടാശ്ശേരി | 16.5.22 ന ശേഷം |
| 4 | സിജിൻ എൻ. സി, നൊച്ചിയിൽ വീട് | 15.10.2022 ന ശേഷം കാലിത്തീറ്റ വാങ്ങിയിട്ടില്ല. |

മേല്പറഞ്ഞ ഗുണഭോക്താക്കളുടെ അവശേഷിക്കുന്ന സബ്സിഡി വിഹിതം എസ്.എൽ.ബി.പി-യിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്.

1/21-ൽ തുടങ്ങി 03/22-ൽ കാലിത്തീറ്റ വിതരണം അവസാനിച്ചതിനാൽ പ്രൊജക്ടിന്റെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.9/8.3.2022)

## 1-18 പാടശേഖര സമിതിയ്ക്ക് റിവോൾവിംഗ് ഫണ്ട് നല്കൽ

പദ്ധതി നം. 126/2022

പാടശേഖര സമിതിയ്ക്ക് റിവോൾവിംഗ് ഫണ്ട് നല്കൽ

അടങ്കൽ : 200000

ചെലവ് : 200000 (തനത് ഫണ്ട്-വൗച്ചർ നം.22101592/22.03.2022)

2021-22 സാമ്പത്തിക വർഷത്തിൽ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് കൃഷിഭവൻ വഴി നടപ്പിലാക്കിയ പാടശേഖ

സമിതിയ്ക്ക് നെല്ല് സംഭരിച്ച് അരിയാക്കി കൊടുക്കുന്നതിന് വേണ്ടിയുള്ള റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിരുന്നു. കുട്ടൻചിറ പാടശേഖര സമിതിയ്ക്കാണ് 200000 രൂപ (ചെക്ക് നം.5275373/22.03.2022) ൽ നല്കിയിട്ടുള്ളത്. ടി റിവോൾവിംഗ് ഫണ്ട് ഇ.എം.ഐ വ്യവസ്ഥയിൽ കൃഷി ഓഫീസറുടെ പേരിലുള്ള റീക്കപ്മെന്റ് അക്കൗണ്ടിലേയ്ക്ക് ആദ്യ 15 മാസം 3000/- രൂപ, 31 മാസം 5000 രൂപ പ്രകാരം 46 മാസം കൊണ്ട് 200000 രൂപ തിരികെ അടവാക്കണമെന്നാണ് കരാർ ഉടമ്പടി. ടി തുക കൈപ്പറ്റി മൂന്ന് മാസത്തിനു ശേഷം തിരിച്ചടവ് ആരംഭിക്കേണ്ടതായിരുന്നു. എന്നാൽ ഒരു വർഷവും നാല് മാസവും കഴിഞ്ഞിട്ടും തിരിച്ചടക്കുന്നതായി കാണുന്നില്ല. ഇതിന്മേൽ കൈകൊണ്ട നടപടികൾ അറിയിക്കേണ്ടതാണ് കാണിച്ച് ഓഡിറ്റ് എൻക്വറി (10/9.3.2.23) നല്കിയിരുന്നു. ഇതുപ്രകാരം 27000/- രൂപ 1220108448/G081107 തിയ്യതി 10.3.2023 രശീതി പ്രകാരം അടവാക്കിയതായി അറിയിക്കുകയും ചെയ്തിട്ടുണ്ട്. സമയബന്ധിതമായ തിരിച്ചടവ് ഉറപ്പുവരുത്തേണ്ടതാണ്.

## 1-19 അസി. സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ പൂർത്തീകരണ (പ്രവർത്തന ക്ഷമമാക്കിയതിന്റെ വിവരം), വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.തുക നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ട്രഷറി ബിൽ നം. തീയ്യതി | തുക | തുക നൽകിയത് |
|---|---|---|---|
| വിവിധ എസ്.സി വാർഡുകളിൽ കുടിവെള്ളപൈപ്പ് ലൈൻ -45/22 | 05/21-22 /19.11.21 | 1000000 | കേരള വാട്ടർ അതോറിറ്റി |
| ഒളനപറമ്പ് എസ്.ടി കോളനി കുടിവെള്ള പദ്ധതി-21/22 | 4/21-22 /19.11.21<br>13/21-22/ 19.09.22 | 58000<br>91541 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |
| എച്ചിപ്പാറ എസ്.ടി കോളനി കുടിവെള്ള പദ്ധതി തുടർ പ്രവർത്തനങ്ങൾ | 1/21-22 /18.08.21 | 270800 | കേരള വാട്ടർ അതോറിറ്റി |
| ആകെ | | 1420341 | |

(ഓഡിറ്റ് എൻക്വയറി നം. 1/3.3.23)

## 1-20 സൂപ്പർവിഷൻ ചാർജ്ജ് അധികം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

സർക്കാർ ഉത്തരവ് (സാധാ) നം. 2878/2015/ത.സ്വ.ഭ.വ. തി. 22.09.2015 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ധനകാര്യവകുപ്പിന്റെ (Industries & Public Works-B) 01.03.2019-ലെ സർക്കുലർ നം.18/2019/ഫിൻ ഖണ്ഡിക 6 പ്രകാരം എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുകയാണ് ഇത്തരം ആവശ്യങ്ങൾക്ക് പരിഗണിക്കേണ്ടത്. ഇപ്രകാരമല്ലാതെ ജി.എസ്.ടി കൂടി ഉൾപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് സൂപ്പർ വിഷൻ ചാർജ് നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം., പേര് | ചെലവ് തുക, വൗച്ചർ നം., തിയതി | നൽകിയ തുക | നൽകാവുന്നത് | അധികം നൽകിയത് |
|---|---|---|---|---|
| 263/22-സ്വജൽധാര | 98184/- | 3789 | 3371 | 418 |

| | | | | |
|---|---|---|---|---|
| കുടിവെള്ളപദ്ധതി അറ്റകുറ്റപ്പണിവാർഡ്-15 | 22101055/13.2.22 (തനത്ഫണ്ട്) | | (84280x4%) | |
| 185/22-സ്വജൽധാര കുടിവെള്ളപദ്ധതി അറ്റകുറ്റപ്പണികൾ | 158098/- 22101720/30.3.22 (ധനകാര്യ കമ്മീഷൻ അവാർഡ്) | 6081 | 5429 | 652 |
| ആകെ | | | | 1070 |

അധികം നൽകിയ തുക തിരികെ അടവാക്കേണ്ടതാണ്.

## 1-21 സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ -രേഖകൾ, വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നത് സംബന്ധിച്ച്

| ക്രമ നമ്പർ | പ്രോജക്ട് | ട്രഷറി ബിൽ നം./തീ. | തുക | നൽകിയ സ്ഥാപനം | ഓഡിറ്റിന് ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|---|
| 1 | വിവിധ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-184/22 | 32/4.12.21 | 1200000 | കേരള വാട്ടർ അതോറിറ്റി | വിനിയോഗ വിവരം, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട് |
| 2 | 22വാർഡുകളിലേക്കും കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-145/22 | 20/10.9.21 | 5356000 | കേരള വാട്ടർ അതോറിറ്റി | വിനിയോഗ വിവരം, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട് |
| 3 | സ്ട്രീറ്റ് മെയിൻ വലിക്കൽ വാർഡ് -8 | വൗച്ചർനം. 22101595/ 23.3.22 | 324590 | കെ.എസ്.ഇ.ബി | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട് |
| 4 | കലവറകുന്ന് പി.എച്ച്.സി കുടിവെള്ള പദ്ധതി-192/22 | 33/4.12.21 22101673/ 21.3.22 | 58000 590000 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | വിനിയോഗ സാക്ഷ്യപത്രം, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട് |

| | | | | | |
|---|---|---|---|---|---|
| 5 | വിവിധ വാർഡുകളിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ -331/22 | വൗച്ചർ നം. 22101644/ 31.3.22 | 800000 | കെ.എസ്.ഇ.ബി | വിനിയോഗ സാക്ഷ്യപത്രം, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട് |
| 6 | വിവധവാർഡുകളിലെ അപകടകരമായ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-179/22 | 22100586/6.10.21<br>22100741/22.11.21<br>22100965/21.01.22<br>22100951/17.1.22<br>22100949/17.01.22 | 5889<br>15290<br>12739<br>15468<br>20875 | കെ.എസ്.ഇ.ബി | വിനിയോഗ സാക്ഷ്യപത്രം, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട് |
| | | | | | |

മേൽ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി11/9.3.23

## 1-22 കട്ടിൽ വിതരണം - ഇ-ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടില്ല

പ്രോജക്ട് -വയോജനക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കൽ (36/22- തൻവർഷം)

അടങ്കൽ -1100000/- (വികസനഫണ്ട്-ജനറൽ)

ചെലവ് -1087880

നിർവ്വഹണം -ഐ.സി.ഡി.എസ് ഓഫീസർ

60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ നൽകുന്നതിനാണ് മേൽ പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. തൻവർഷ പദ്ധതി പ്രകാരം ആർട്ട്കോ (ക്വട്ടേഷൻ നിരക്ക് 4300), സിഡ്കോ (ക്വട്ടേഷൻ നിരക്ക് 4350), ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ (ക്വട്ടേഷൻ നിരക്ക് 4350) എന്നീ സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ച് ആയതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ ആർട്ട്കോയെ കട്ടിൽ വിതരണം ചെയ്യാൻ ചുമതലപ്പെടുത്തുകയും ചെയ്തു. തുക നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ബിൽ നമ്പർ/തീയ്യതി | തുക | ആർട്ട്കോയുടെ ഇൻവോയിസ് നമ്പർ/തീയ്യതി | വിതരണം നടത്തിയ കട്ടിലുകളുടെ എണ്ണം | നിരക്ക് | കട്ടിലിന്റെ സ്പെസിഫിക്കേഷൻ |
|---|---|---|---|---|---|---|
| വയോജനക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കൽ(36/22- തൻവർഷം) | 14/21-22/ 12.1.22 | 1087880/- | 287/28.12.21/ 1087880 | 253 | 4300 | Hard Wood Cot- 198x90cm (Front Leg 60cm, Back Leg 50cm), 8mm Plywood Top |

മേൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർത്ത പ്രകാരമുള്ള അപാകതകൾ കാണുന്നു.

1. പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.11/2018/തസ്വഭവ തീ.29.1.18 ഖണ്ഡിക 11.2(ഇ) (I)(ii) പ്രകാരം 5.00 ലക്ഷം രൂപയ്ക്കു മുകളിൽ അടങ്കൽ തുക വരുന്നുണ്ടെങ്കിൽ ഇ-ടെണ്ടർ രീതി നിർബന്ധമായും അവലംബിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇവിടെ 1100000/-അടങ്കൽ തുക വന്നിട്ടും ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

2. ആർട്ട്കോയിൽ നിന്ന് ഉത്പന്നങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങുന്നതിന് അനുമതി നൽകികൊണ്ടുള്ള സർക്കാർ ഉത്തരവ് നമ്പർ ജി.ഒ (ആർറ്റി)നം.8/2020/SPD Dtd.10/02/2021 10/02/2021 ന്

അനുബന്ധമായി ആർട്ട്കോയിൽനിന്നും ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാൻ കഴിയുന്ന ഉത്പന്നങ്ങളുടെ ലിസ്റ്റ് നൽകിയിട്ടുണ്ട്.എന്നാൽ ഈ ലിസ്റ്റിൽ പഞ്ചായത്ത് വാങ്ങിയ സ്പെഫിക്കേഷനിലുള്ള കട്ടിൽ ഉൾപ്പെട്ട് കാണുന്നില്ല.

ടെണ്ടർ കൂടാതെ വാങ്ങൽ നടത്താൻ അനുമതിയില്ലാത്ത ഉത്പന്നം ഇപ്രകാരം വാങ്ങൽ നടത്തിയതിനു കാരണം വ്യക്തമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ മേൽ ഉത്തരവുപ്രകാരം വാങ്ങിയതാണെന്നും ഇ-ടെണ്ടർ നടപടിസ്വീകരിക്കണമെന്ന് അറിയാത്തതിനാലാണ് എന്നും മറുപടി നൽകിയിട്ടുള്ളത്.സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സർക്കാർ ഉത്തരവകളും പദ്ധതി ആസൂത്രണവും നിർവ്വഹണവുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയിട്ടുള്ള സർക്കാർ മാർഗനിർദ്ദശവും പദ്ധതി നിർവ്വഹണത്തിന് അവലംബിക്കേണ്ടതാണ്.വരും വർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 2/6.3.23)

## 1-23 ലൈഫ് മിഷൻ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിൽ കാലതാമസം

പ്രോജക്ട് -ലൈഫ് മിഷൻ ഭവന നിർമ്മാണം പട്ടിക ജാതി (71/22)

നിർവ്വഹണം -വി.ഇ.ഒ (വരന്തരപ്പിള്ളി സർക്കിൾ)

മേൽ പദ്ധതി പ്രകാരം മണി, അരിക്കാട്ടിൽ ഹൗസ് എന്നവർക്ക് ഭവന നിർമ്മാണത്തിനായി തൻവർഷം 200000/- (40000+160000) രൂപ നൽകിയിട്ടുണ്ട്. ട്രഷറിബിൽ നമ്പർ യഥാക്രമം 15/17.11.21-4000/-, 51/22-3-22-160000/- പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ 2022-23 വർഷത്തിലും ടിയാൾ ഭവന നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡുകൈപ്പറ്റിയിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡുകൈപ്പറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

(ഓഡിറ്റ് എൻക്വയറി നമ്പർ 17/9.3.23)

## 1-24 സാമൂഹ്യ സുരക്ഷാ പെൻഷൻ-മരണപ്പെട്ടവരുടെ വിവരങ്ങൾ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യുന്നതിൽ കാലതാമസം

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ, സാമൂഹ്യ സുരക്ഷാപെൻഷൻ ഫയൽ പരിശോധനയിൽ, സാമൂഹ്യ സുരക്ഷാപെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം ഈ ഗുണഭോക്താവ് പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കപ്പെടാതെ നിൽക്കുന്നതായും, ടിയാളുടെ പെൻഷൻ അക്കൗണ്ട് ഇപ്പോഴും സസ്പെന്റ് ചെയ്യപ്പെടാതെ ആക്ടീവ് ആയി നിലനിൽക്കുന്നതായും, തുക അക്കൗണ്ടിലേക്ക് വരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മരിച്ച ഗുണഭോക്താക്കൾക്ക് വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ നിന്നും, മരണ സർട്ടിഫിക്കറ്റ്, മരണം നടന്ന് അധികം താമസിയാതെ തന്നെ നൽകിയിട്ടുണ്ട് എങ്കിലും, പെൻഷൻ ഡാറ്റാബേസിൽ നിന്നും ഗുണഭോക്താവിന്റെ പേര് നീക്കം ചെയ്യുന്നതിൽ പിന്നെയും കാലതാമസം നേരിടുന്നതായും, ചില അക്കൗണ്ടുകൾ ഓഡിറ്റ് തിയതിയിലും സസ്പെന്റ് ചെയ്യപ്പെടാതെ ആക്ടീവ് ആയി നിലനിൽക്കുന്നതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതാനും ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | സാമൂഹ്യ സുരക്ഷാപെൻഷൻ തരം | മരണം നടന്ന തിയതി | ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|
| വള്ളിയമ്മ, മാത്തിൽഹൗസ് | അവിവാഹിത പെൻഷൻ | 27-9-20 | 2//22 |

| | | | |
|---|---|---|---|
| ഭാർഗ്ഗവി, മേക്കാടൻ ഹൗസ് | കർഷകതൊഴിലാളി പെൻഷൻ | 8-5-20 | 4/22 |
| രാമകൃഷ്ണൻ, തെക്കുംപുറം ഹൗസ് | വാർദ്ധക്യകാല പെൻഷൻ | 22-5-22 | 9/22 |
| വിലാസിനി, രണ്ടിയേക്കപറമ്പിൽ | വിധവാ പെൻഷൻ | 1-5-20 | 8/22 |
| കരുണാകരൻ.പി.വി | വാർദ്ധക്യകാല പെൻഷൻ | 13-6-20 | 10/21 |
| തോമസ്, വാഴപ്പിള്ളി ഹൗസ് | വാർദ്ധക്യകാല പെൻഷൻ | 5-7-20 | 11/22 |
| ത്രേസ്യാമ്മ, കൊപ്ലി ഹൗസ് | വാർദ്ധക്യകാല പെൻഷൻ | 3-5-20 | 11/22 |

ധനകാര്യ വകുപ്പിന്റെ, 23-9-20-ലെ ഉത്തരവ് നം.(എം.എസ്)97/2020/ധന പ്രകാരം,മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ ആശാ വർക്കർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. ധനകാര്യ വകുപ്പിന്റെ 5-11-20 ലെ സർക്കുലർ നം.67/2020/ധന പ്രകാരം, പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നുണ്ട്. ഇത്തരത്തിൽ മരണപ്പെട്ടതിന് ശേഷവും ഗുണഭോക്താക്കളുടെ എക്കൗണ്ടിലേക്ക് തുക നൽകിയത് മൂലം സാമ്പത്തികനഷ്ടം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും, സാമ്പത്തിക നഷ്ടം ഉള്ള പക്ഷം ആയത് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

### 1-25 കമ്മിറ്റി തീരുമാനങ്ങൾ-തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

താഴെ പറയുന്ന കമ്മിറ്റി തീരുമാനങ്ങളുടെ തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1. 13-9-21-ലെ അജണ്ട 33-തീരുമാനം-1

നിലവിൽ 627 ടാപ്പുകൾക്ക്, 2,88,054/- രൂപയാണ് പ്രതിമാസം പഞ്ചായത്തിൽ നിന്നും വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കുന്നത്. എന്നാൽ ഇത്രയും ടാപ്പുകൾ നിലവിൽ ഉണ്ടോയെന്നും ഉള്ളതുതന്നെ ഉപയോഗയോഗ്യമാണോയെന്ന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുന്നതിന് തീരുമാനിച്ചു.

2. 13-9-21-ലെ അജണ്ട 34-തീരുമാനം-1

തെരുവ് വിളക്കുകളുടെ (Con-No. 11560000131)വൈദ്യുതി ചാർജ് ഇനത്തിൽ, 5,81,817/- രൂപാ കുടിശ്ശിക അടവാക്കേണ്ടതാണെന്ന്, അസി. എഞ്ചിനീയർ, കെ.എസ്.ഇ.ബി അറിയിച്ചതിനെ തുടർന്ന്, തുക അടവാക്കുന്നതിന് മുൻപ് കെ.എസ്.ഇ.ബിയു-മായി ചേർന്ന് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയതിന് ശേഷം മാത്രം വൈദ്യുതിചാർജ് കുടിശ്ശിക അടവാക്കുന്നതിന് തീരുമാനിച്ചു.

3. 17-11-21-ലെ അജണ്ട-1, തീരുമാനം-3

പ്രോജക്ട് നം.19/21-22, കുണ്ടുകടവ് റോഡ് കാന നിർമാണം, വാർഡ്-16, എന്ന പ്രവർത്തി നടപ്പിലാക്കിയപ്പോൾ ലഭിച്ച കോൺക്രീറ്റ് വേസ്റ്റ്, മണ്ണ് എന്നിവ നന്തിപുലം നിലംപതി റോഡിന്റെ അരികിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും, ആയത് ലേലം ചെയ്യുന്നതിനും തീരുമാനിച്ചു.

4. 17-11-21-ലെ അജണ്ട-52, തീരുമാനം-1

പഞ്ചായത്ത് ഓഫീസിലുള്ള ഉപയോഗശൂന്യമായ ആക്രി സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനും ലേലനടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

5. 19-1-22-ലെ അജണ്ട-2, തീരുമാനം-6

അസി.എഞ്ചിനീയർ നിർവഹണം നടത്തി പദ്ധതി നം.115/22, ചക്കിപറമ്പ് റോഡ് കാനനിർമാണം എന്ന

പ്രവർത്തി നടപ്പാക്കിയപ്പോൾ ലഭിച്ച 50 $M^3$ കല്ലും, 120 $M^3$ മണ്ണും, ചക്കിപറമ്പ് റോഡിന്റെ വശങ്ങളിലായി സ്റ്റാക്ക് ചെയ്തിട്ടുള്ളത് ലേലം ചെയ്യുന്നതിന് തീരുമാനിച്ചു.

6. 4-2-22-ലെ അജണ്ട-1, തീരുമാനം-1

പാത്തിക്കിരിച്ചിറ കുളം സംരക്ഷിച്ചതിന്റെ ഭാഗമായി കുളം സംരക്ഷിച്ചതിന്റെ ഭാഗമായി കുളത്തിൽ നിന്നും നീക്കം ചെയ്ത മണ്ണ് ബണ്ടിൽ നിക്ഷേപിച്ചത് കഴിഞ്ഞ് ബാക്കി ചിറയുടെ വടക്ക് ഭാഗത്ത് ചേർന്ന് കിടക്കുന്ന തോട്ട്യാൻ സാന്റോ എന്നയാളുടെ 773/3, 777/4, 777/6, 777, 957, 957/5 എന്നീ സർവേ നമ്പറുകളിൽ പെട്ട പറമ്പിൽ നിക്ഷേപിച്ചിട്ടുള്ളത് ലേലം ചെയ്യുന്നതിന് കമ്മിറ്റി തീരുമാനിച്ചു.

7. 4-2-22-ലെ അജണ്ട-1, തീരുമാനം-2

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പാത്തിക്കിരിച്ചിറ വരന്തരപ്പിള്ളി വില്ലേജ് സർവേ 777/7, 777/8, 777/9, 950/4, 954/4, 954/7, 955/2, 49/4 ൽ പെട്ട 1.8946 ഹെക്ടർ വില്ലേജ് റിക്കാർഡ് പ്രകാരമുള്ള ബി ടി ആർ പ്രകാരം പുറമ്പോക്കായി തരം തിരിച്ചിട്ടുള്ളതാണ്. ചിറക്ക് ചുറ്റുമുള്ള സ്ഥലം കയ്യേറ്റം ഒഴിപ്പിച്ച് ബി ടി ആർ പ്രകാരവും സർവേ സ്കെച്ച് പ്രകാരവുമുള്ള സ്ഥലം അളന്ന് തിട്ടപ്പെടുത്തി ആയത് പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ചേർക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

8. 4-2-22-ലെ അജണ്ട-2, തീരുമാനം-1

മുപ്ലിയം മുത്തുമല റോഡ് സൈഡ് കെട്ടി സംരക്ഷണം എന്ന പ്രവൃത്തി നടപ്പിലാക്കിയപ്പോൾ ലഭിച്ച 74.59 $M^3$ മണ്ണ് മുപ്ലിയം ഗ്രൗണ്ട് റോഡിന്റെ അരികിലായി സ്റ്റാക്ക് ചെയ്തിട്ടുണ്ടെന്നും , ആയത് ലേലം ചെയ്യുന്നതിനും തീരുമാനിച്ചു.

9. 4-2-22-ലെ അജണ്ട-2, തീരുമാനം-2

വടക്കുമുറി കുട്ടൻചിറ റോഡ് കാന നിർമാണം എന്ന പ്രവൃത്തി നടപ്പിലാക്കിയപ്പോൾ ലഭിച്ച 219.12 $M^3$ മണ്ണ്, പി.എ.ദേവി, പഴൂക്കാരൻ വീട്, വരന്തരപ്പിള്ളി എന്നവരുടെ സർവേ നമ്പർ 395 ൽ പെട്ട സ്ഥലത്ത് നിക്ഷേപിച്ചത് ലേലം ചെയ്യാൻ തീരുമാനിച്ചു.

10. 4-2-22-ലെ അജണ്ട-2, തീരുമാനം-3

കാരികുളം കടവ് റോഡ് ഡ്രെയിൻ നിർമാണം, വെട്ടിങ്ങപ്പാടം-അരീപ്പുറം റോഡ് കാനനിർമാണം എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയപ്പോൾ ലഭിച്ച 79.48 $M^3$ മണ്ണ് വെട്ടിങ്ങപ്പാടത്ത് സ്റ്റാക്ക് ചെയ്തിട്ടുണ്ടെന്നും ആയത് ലേലം ചെയ്യുന്നതിനും തീരുമാനിച്ചു.

11. 26-2-22-ലെ അജണ്ട-2, തീരുമാനം-12

ജനത റോഡ് ഡ്രെയിൻ നിർമാണം വാർഡ്-21 എന്ന പ്രവൃത്തി നടപ്പിലാക്കിയപ്പോൾ ലഭിച്ച 137.7 $M^3$ മണ്ണിൽ നിന്നും, 65.62 $M^3$ മണ്ണ് റോഡിന്റെ വശങ്ങളിലും ബാക്കിയുള്ള 72.08 $M^3$ മണ്ണിൽ, 30 $M^3$ കാനയോട് ചേർന്നുള്ള ജയന്റെ പുരയിടത്തിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന ബാക്കിയുള്ള 42.08 $M^3$ മണ്ണ് ജനത സ്കൂൾ, ആൻജോയുടെ പുരയിടം എന്നിവിടങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ടായിരുന്നുവെങ്കിലും പരിശോധനയിൽ സ്ഥലമുടമകൾ തട്ടി നികത്തിയതായി കാണപ്പെട്ടുവെന്നും ആയതിനാൽ കരാറുകാരന്റെ അനാസ്ഥയായി കണക്കാക്കി മണ്ണിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനും ബാക്കിയുള്ള 30 $M^3$ മണ്ണ് ലേലം ചെയ്യുന്നതിനും തീരുമാനിച്ചു. ഭരണസമിതി തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 250000 | ക്ഷീരസഹകരണസംഘം മുഖേന പാൽ അളക്കുന്നവർക്ക് സബ്സിഡി | 250000 | 0 |
| | | 60019 | ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം-ലൈഫ് മിഷൻ ജനറൽ | 60019 | 0 |
| | | 998000 | ലൈഫ് മിഷൻ ഭൂമി വാങ്ങൽ | 998000 | 0 |
| | | 1167500 | നെൽകൃഷിവികസനം | 467500 | 700000 |
| | | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ | 400000 | 0 |
| | | 500000 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 0 | 500000 |
| | | | | | |
| ജില്ലാ പഞ്ചായത്ത് | | 250000 | ക്ഷീരസഹകരണസംഘം മുഖേന പാൽ അളക്കുന്നവർക്ക് സബ്സിഡി | 250000 | 0 |
| | | 1902646 | ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം-ലൈഫ് മിഷൻ ജനറൽ | 520000 | 1382646 |
| | | 7000000 | ലൈഫ് മിഷൻ ഭൂമി വാങ്ങൽ ജനറൽ | 5275210 | 1724790 |
| | | 285014 | നെൽകൃഷിവികസനം | 285014 | 0 |
| | | 500000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ | 500000 | 0 |
| | | 540000 | ലൈഫ് മിഷൻഭവനനിർമാണം-പട്ടികവർഗ്ഗം | 171000 | 369000 |

| | | | | | |
|---|---|---|---|---|---|
| | | 500000 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 0 | 500000 |

## 4-2 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രോജക്റ്റിന്റെപേര് | വൗച്ചർ നം./ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | വിവിധ എസ്.സി വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻനീട്ടൽ | | 1000000 | 0 | 1000000 |
| ഭൂജലവകുപ്പ് | ഒളനപറമ്പ് എസ്.ടി കോളനി കുടിവെള്ളപദ്ധതി | | 149541 | 0 | 149541 |
| കേരളാ വാട്ടർ അതോറിറ്റി | 22 വാർഡുകളിലേക്കും കുടിവെള്ളപൈപ്പ് ലൈൻദീർഘിപ്പിക്കൽ | | 5356000 | 0 | 5356000 |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിലെ അപകടകരമാ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | | 70261 | 70261 | 0 |
| കേരളാ വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | 1200000 | 0 | 1200000 |
| ഭൂജലവകുപ്പ് | കലവറക്കുന്ന് പി.എച്ച്.സി കുടിവെള്ള പദ്ധതി | | 648000 | 0 | 648000 |
| കേരളാ വാട്ടർ അതോറിറ്റി | എച്ചിപ്പാറ എസ്.ടി കോളനി കുടിവെള്ളപദ്ധതി തുടർപ്രവർത്തനങ്ങൾ | | 270800 | 0 | 270800 |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് മെയിൻ വലിക്കൽ വാർഡ്-8 | | 324590 | 324590 | 0 |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ | | 800000 | - | 800000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURFDC | --------- | ------- | 6831237 | 812000 | ---- | 6019237 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 14154784 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | - | |
| 3 | പലിശ | 845467 | |
| 4 | ആകെ | 15000251 | |
| 5 | തന്നാണ്ടിൽ പിൻവലിച്ച തുക | - | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15000251 | |
| 7 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | ബാങ്കിന്റെ പേര് | തുക |
| | | ടി ഡി സി ബി.വരന്തരപ്പിള്ളി | 4698012 |
| | | ഇഞ്ചക്കുണ്ട് സർവീസ് സഹകരണ ബാങ്ക് | 7553580 |
| | | വനിതാ കോ ഓപ്പറേറ്റീവ് സൊസൈറ്റി | 2748659 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| KSAD 2018-19 | 1-22(1) | 9270 | കൃഷ്ണൻകുട്ടി.കെ, കുറവത്ത് വീട് | 121010107150, 28.01.2022 |
| KSAD 2018-19 | 1-22(2) | 7727 | കൃഷ്ണൻകുട്ടി കെ, കുറവത്ത് വീട് | 121010107151, 28.01.2022 |
| KSAD 2018-19 | 1-22(3) | 1000 | ബൈജു വി.ഒ, വാഴക്കാല വീട് | 121010107152, 28.01.2022 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 37<br>41(1)<br>41(2) | 2002-03 | 8 I (I)<br>8 I (Ii)<br>8 I (Iii) | 1. അപ്രന്റീസ് എഞ്ചിനീയർക്ക് ഓണറേറിയം | സമിതി പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| | | | | 2. പുലിക്കണ്ണി റോഡ്<br>3. ഇഞ്ചക്കണ്ട് ലിഫ്റ്റ് ഇറിഗേഷൻ | |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നം. | ഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക |
|---|---|---|---|
| ഇല്ല | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 153890393/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 158528691/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

തടസപ്പെടുത്തുന്ന തുക – ഇല്ല.

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE/CH/ SCH) |
|---|---|---|---|---|---|
| 1 | 1997-98 (ചെലവ്) | LFT16-1285/99 തീ. 15.09.1999 | 1 | 29 | |
| 2 | 1998-99 (ചെലവ്) | LFT16-1027/00 തീ. 20.09.00/6.11.00 | 3 | 2, 26, 37 | |
| 3 | 1999-2000 (ചെലവ്) | LFT16-926/2001 തീ. 24.11.01/18.05.02 | 4 | 30, 33, 43, 47 | |
| 4 | 2000-01 | LFT-9-1673/2003 | 1 | 29(2) | |

| | | | | | |
|---|---|---|---|---|---|
| | | തീ. 03.03.03 | | | |
| 5 | 2002-03 | LFT-9-650/2006 തീ. 10.08.06/1.12.06 | 3 | 3-13, 3-19, 3-30 | |
| 6 | 2004-05 | LFT-19-2551/08 തീ. 26.12.00 | 3 | 3-2, 3-7, 3-10 | |
| 7 | 2005-06 | LFT-19-2558/08 തീ. 26.12.09 | 1 | 3-6 | |
| 8 | 2006-07 | LFT-9-586/10 തീ. 3.2.11/8.6.11 | 2 | 3-1, 3-4 B | |
| 9 | 2007-08 | LFT-9-587/10 തീ. 3.2.11/8.6.11 | 6 | 3-4, 3-5, 3-6, 3-7, 3-8, 3-9 | |
| 10 | 2008-09 മുതൽ 2010-11 വരെ | LFTP2-1872/12 തീ. 05.03.13/15.07.13 | 4 | 3-2(3)(11), 3-5, 3-8(1)(3)to(10)(12)to(21)(23)to(30), 3-13 | |
| 11 | 2011-12 | LFT-P2-231/2013 തീ. 18.04.13 | 5 | 3-1, 3-2, 3-8, 3-9, 3-10 | 3-2 (CAR) |
| 12 | 2012-13 | LFTP6-12/14 തീ. 07.06.14 | 4 | 3-8, 3-12, 3-15, 3-16 | |
| 13 | 2013-14 | LFTP6-49/15 തീ. 11.05.15/11.06.15 | 2 | 3-13, 3-16(1)(4)(5) | |
| 14 | 2014-15 | KSA/TSR /P6/1110/16 തീ. 11.07.2016 | 5 | 3-1, 3-2(3)(4)(5)(6)(7)(8)(9), 3-3, 3-4, 3-5(1)(2)(3) | |
| 15 | 2015-16 | KSA/TSR /P6-2228/16 തീ. 17.01.2017 | 8 | 2-2, 2-3(1)(2), 3-1, 3-3, 3-5, 3-6, 3-7, 3-9 | |
| 16 | 2016-17 | KSA/TSR /P6-1749/17 തീ. 29.11.2017 | 6 | 2-3, 3-3, 3-6, 3-7, 3-14, 3-16 | |
| 17 | 2017-18 | KSA/TSR /P6-586/19 തീ. 24.05.2019 | 4 | 3-3, 3-8, 3-9, 3-12 | |
| 18 | 2018-19 | | 26 | 1-9, 1-11, 1-12, 1-13, 1-14, 1-15, 1-16, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 2-1, 3-1, 3-2, 4-2, 4-3, 4-9, 4-10 | |
| 19 | 2019-20 | KSA/TSR /P15-981/22 തീ. 01.07.2022 | 28 | 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37 | |
| 20 | 2020-21 | KSA/TSR /P15-982/22 തീ. 01.07.2022 | 30 | 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39 | |
| | ആകെ | | 146 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്